# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3174 — 10.05.2017 — ൽ മറുപടിക്ക്

## മുൻഗണനാവിഭാഗത്തിൽ നിന്നും പുറത്തായവർക്ക് സബ്സിഡി അരി

**ചോദ്യം**

ശ്രീ.റോഷി അഗസ്റ്റിൻ
,, മോൻസ് ജോസഫ്
,, സി.എഫ്.തോമസ്
ഡോ.എൻ. ജയരാജ് :

(എ) സംസ്ഥാനത്ത് രണ്ട് രൂപ നിരക്കിൽ അരി നൽകുന്ന പദ്ധതിയിൽ അനർഹർ കടന്നുകൂടുകയും ദരിദ്രരായവർ പുറത്താവുകയും ചെയ്ത പ്രശ്നം പരിശോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് മുൻഗണനാവിഭാഗത്തിൽ നിന്നും പുറത്തായവർക്ക് സബ്സിഡി നിരക്കിൽ അരി നൽകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 2014-ൽ തയ്യാറാക്കിയ സ്ഥിതി വിവരകണക്കിന് വിരുദ്ധമായി സംസ്ഥാനത്ത് മുൻഗണനാ പട്ടിക നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത പട്ടിക മരവിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)

(എ) യും (ബി) യും (സി) യും ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിൽ താലൂക്ക് സപ്ലൈ ആഫീസ്, വില്ലേജ് ആഫീസ്, പഞ്ചായത്ത് ഓഫീസ്, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലും, വെബ്സൈറ്റിലും കരട് മുൻഗണനാ പട്ടിക സംബന്ധിച്ച ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്നതിനായി പ്രസിദ്ധപ്പെടുത്തുകയും, ലഭ്യമായ ആക്ഷേപങ്ങളിലും പരാതികളിലും പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ആഫീസർ, സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി ഹിയറിംഗ് നടത്തി പരാതികളിൽ തീർപ്പ് കൽപ്പിച്ചിരുന്നു. ടി തീരുമാനത്തിൽ ആക്ഷേപമുള്ളവർ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ സപ്ലൈ ആഫീസർ കൺവീനറും, ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എ.ഡി.സി. ജനറൽ, ജില്ലാ സോഷ്യൽ വെൽഫയർ ഓഫീസർ എന്നിവരടങ്ങുന്ന അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിച്ച് പരാതിക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിനായി നൽകുകയും ചെയ്തിരുന്നു. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയും ഓഫീസുകളിൽ നേരിട്ടും അർഹർ/അനർഹരുടെ പരാതികൾ ലഭ്യമായിട്ടുണ്ട്. ഇതിന്മേൽ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനർഹരെ ഒഴിവാക്കി റീ-റാങ്കിംഗ് നടത്തുന്നതാണ്.

സ.ഉ.(സാധാ) നം.116/2017/ഭ.സി.സ.വ. തീയതി 12.04.2017, സ.ഉ(സാധാ) നം. 352/2016/ഭ.സി.സ.വ തീയതി 21.12.2016 എന്നീ ഉത്തരവുകൾ പ്രകാരം മുൻഗണനാ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് മുൻഗണനാ മാനദണ്ഡ പ്രകാരം ഒരു മാർക്കെങ്കിലും കിട്ടിയവർ, മുൻഗണനാ മാനദണ്ഡത്തിൽപ്പെടാത്തവരും അയോഗ്യരല്ലാത്തവരും എന്നാൽ മാർക്കൊന്നും കിട്ടാത്തവരും ആയിരം ചതുരശ്ര അടി വീട് എന്ന മാനദണ്ഡം മൂലം മാത്രം മുൻഗണനയിൽ പ്പെടാത്തവർ, നാല് ചക്ര വാഹനം എന്ന മാനദണ്ഡം മൂലം മാത്രം മുൻഗണനയിൽ പ്പെടാത്തവർ എന്നിവരുൾപ്പെടുന്ന വിഭാഗത്തിന് 2/- രൂപ നിരക്കിൽ രണ്ട് കി.ഗ്രാം അരി നൽകുന്നുണ്ട്.

മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് ആദ്യം താലൂക്ക് തല റാങ്കിംഗ് നടത്തിയതിനു പകരം സംസ്ഥാന തല റാങ്കിംഗ് നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ